## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - മൂടാടി ഗ്രാമപഞ്ചായത്ത് 2014-15 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക-സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം. 2642/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി. 16.12.2019.**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/09/2018 ലെ പി എ എൻ/21820/2018-എം3(ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/07/2019 ലെ ഡി.കെ.എസ്.എ./ 113/2019/പിറ്റി-3 നമ്പർ കത്ത്.

3)ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24/02/2018 ലെ എ 9 470/18 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്കായി ശില്പശാല സംഘടിപ്പിച്ച ഇനത്തിൽ 27,000/- രൂപയും കൂടാതെ 12 സ്കൂളുകൾക്ക് അലമാര വാങ്ങി വിതരണം ചെയ്തതിൽ 10 സ്കൂളുകൾ എയ്ഡഡ് സ്കൂൾ ആയതിനാൽ 10 അലമാരകളുടെ തുകയായ 41,666/- രൂപയും ചേർത്ത് ആകെ 68,666/- രൂപ (അറുപത്തി എട്ടായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ചെലവഴിച്ചതിനാൽ, മൂടാടി ഗ്രാമപഞ്ചായത്തിലെ 2014-15 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിരിക്കുന്നു.

**2.** എന്നാൽ ഈ പ്രോജക്റ്റ് നടപ്പിലാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല പ്രസ്തുത പ്രോജക്റ്റ് വഴി ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ടെന്നും ആയതിനാൽ തടസ്സതുകയ്ക്ക് സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സമിതിയുടെ 16/02/20178 ലെ 5(2) നമ്പർ തീരുമാനവും 23/04/2018 ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സാധൂകരണ അപേക്ഷയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറും അനുകൂല അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

**3.** ഈ സാഹചര്യത്തിൽ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും, ഭാവിയിൽ സർക്കാർ ഉത്തരവുകളുടെ ലംഘനം ഗൗരവമായ വീഴ്ചയായി കണക്കാക്കും എന്നും മുൻകൂർ അനുമതിയോടെ മാത്രമേ ഇത്തരം ചെലവുകൾ നടത്താവൂ എന്ന വ്യവസ്ഥയോടും കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 68,666/- (അറുപത്തി എട്ടായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

സെക്രട്ടറി, മൂടാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**